# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6034 — 10/07/2012-ൽ മറുപടിക്ക്

### തിരുനാവായയിലെ മാമാങ്ക സ്മാരകങ്ങൾ

**ചോദ്യം**
ഡോ. കെ.ടി. ജലീൽ

**ഉത്തരം**
ശ്രീ. കെ.സി. ജോസഫ്
(ബഹു. ഗ്രാമവികസനവും
ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി)

<table>
<tr><td>(എ)</td><td>85 ലക്ഷം രൂപ ചെലവിട്ട് മലപ്പുറം ജില്ലയിലെ തിരുനാവായയിലെ അഞ്ച് മാമാങ്ക സ്മാരകങ്ങൾ സംരക്ഷിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;</td><td>(എ)</td><td>ഉണ്ട്.</td></tr>
<tr><td>(ബി)</td><td>ആരും പരിരക്ഷിക്കാനില്ലാതെ ഈ അഞ്ചു സ്മാരകങ്ങളും അന്യാധീനപ്പെട്ട് സാമൂഹ്യ ദ്രോഹികളുടെ താവളമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;</td><td rowspan="4">(ബി)<br>(സി)<br>(ഡി)<br>&<br>(ഇ)</td><td rowspan="4">സ്മാരകങ്ങളുടെ ദൈനംദിന സംരക്ഷണത്തിന് നിലവിൽ കൃത്യമായ സംവിധാനം ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടതിനാൽ തിരുനാവായ മാമാങ്കസ്മാരകങ്ങളുടെ ഉടമസ്ഥാ വകാശം പുരാവസ്തു വകുപ്പിൽ നിലനിർത്തി കൊണ്ട് ദൈനംദിന സംരക്ഷണത്തിനും നടത്തിപ്പിനുമുള്ള ചുമതല 07/07/2012 ലെ സ.ഉ. (സാധാ) 356/12/സാം.കാ.വ. നമ്പർ ഉത്തരവ് പ്രകാരം മലപ്പുറം ഡിസ്ട്രിക്റ്റ് ടൂറിസം പ്രമോഷൻ കൗൺസിലിന് നൽകിയിട്ടുണ്ട്.</td></tr>
<tr><td>(സി)</td><td>പ്രസ്തുത അഞ്ച് സ്മാരകങ്ങളും സംരക്ഷിച്ച് നിലനിർത്തുന്നതിന് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിനെ ഏൽപ്പിക്കാൻ ഉദ്ദേശ്യമുണ്ടോ;</td></tr>
<tr><td>(ഡി)</td><td>ഉണ്ടെങ്കിൽ അതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഏതുവരെയെത്തി എന്ന് വിശദമാക്കാമോ;</td></tr>
<tr><td>(ഇ)</td><td>പ്രസ്തുത സ്മാരകങ്ങൾ ഡി.ടി.പി.സി. ക്ക് എന്ന് കൈമാറാൻ സാധിക്കുമെന്നാണ് കരുതുന്നത്?</td></tr>
</table>

സെക്ഷൻ ഓഫീസർ.